(എ) കുളമ്പുരോഗത്തിനിരയായി ഉരുക്കൾ ചത്തു നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് സർക്കാർ വാഗ്ദാനം നൽകിയ നഷ്ടപരിഹാര തുക കർഷകർക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ രോഗം ബാധിച്ചു ചത്ത കന്നുകാലികളിൽ രണ്ട് ശതമാനത്തിനു മാത്രമേ ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുളമ്പുരോഗം ഇപ്പോഴും നിയന്ത്രണ വിധേയമാക്കിയിട്ടില്ലെന്നും മറ്റു സ്ഥലങ്ങളിലേയ്ക്കു പടർന്നു പിടിക്കുന്നു എന്നതും വാസ്തവമാണോ ;

(ഡി) ഈ രോഗ പ്രതിരോധത്തിനു ഫലപ്രദമായ എന്തെങ്കിലും മരുന്നുകൾ ഉണ്ടോയെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഒന്നാം ഗഡു നഷ്ട പരിഹാരം നൽകി കഴിഞ്ഞു. രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ വളരെ ലഘുവായ രീതിയിൽ രോഗബാധയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ രോഗം ബാധിച്ചുകഴിഞ്ഞാൽ ഫലപ്രദമായ ചികിൽസ ഇല്ല. പ്രതിരോധമരുന്നായ ഓയിൽ അഡ്ജുമെന്റ് വാക്സിൻ ഉരുക്കളിൽ കുത്തിവയ്ക്കുകയാണ് രോഗം വരാതിരിക്കാനുള്ള ഏകമാർഗ്ഗം.

തൃശ്ശൂർ ജില്ലയിലെ കുളമ്പു രോഗം

130 (132) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാരനിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗം മൂലം കഴിഞ്ഞവർഷം മരണപ്പെട്ട കന്നുകാലികളുടെ ഉടമകൾക്ക് (കർഷകർക്ക്) തൃശ്ശൂർ ജില്ലയിൽ എത്ര തുക സഹായമായി നൽകിയെന്നു വ്യക്തമാക്കാമോ ;

(ബി) ബ്ലോക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ രോഗം മൂലം കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് തൃശ്ശൂർ ജില്ലയിൽ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ നഷ്ടപരിഹാരം നൽകാൻ എന്താണ് തടസ്സം എന്നറിയിക്കാമോ ;

(ഇ) കുളമ്പുരോഗ പ്രതിരോധത്തിനായി ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(എഫ്) എത്ര ലക്ഷം രൂപ സർക്കാർ ഈ ആവശ്യത്തിനു വേണ്ടി ജില്ലയ്ക്ക് നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിൽ ഇതുവരെ സഹായധനം വിതരണം ചെയ്തിട്ടില്ല എന്നറിയുന്നു. ആദ്യഗഡുവായി 3,49,750 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് താമസിക്കാതെ വിതരണം ചെയ്യുന്നതാണ്.

(സി) ഉണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിൽ ആകെ 9,74,600 രൂപ നഷ്ടപരിഹാരമായി നൽകേണ്ടതുണ്ട്. 26-3-1999-ലെ 1141/99/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ആദ്യഗഡുവായി 3,49, 750 രൂപ മാത്രമാണ് ജില്ലയ്ക്ക് അനുവദിച്ചത്. ബാക്കി തുകകൂടി അനുവദിച്ചശേഷം നഷ്ടപരിഹാരം നൽകാമെന്നുള്ള ഉദ്ദേശത്താലാണ് ആദ്യഗഡു വിതരണം ചെയ്യാൻ വൈകുന്നത്.

(ഇ) മൊബൈൽ മൃഗാശുപത്രികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും ക്ഷീരസംഘങ്ങളുടെയും സഹകരണത്തോടെ കുത്തിവയ്പ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ഫലപ്രദമാക്കുകയും ചെയ്തു. കൂടുതൽ പ്രതിരോധ ശേഷിയുള്ള ഓയിൽ അഡ്ജുവെന്റ് വാക്സിനാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. കന്നുകാലികളുടെ വരത്തുപോക്കും കാലിച്ചന്തകളും കന്നുകാലി പ്രദർശനങ്ങളും നിരോധിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി. കുളമ്പുരോഗത്തിനെതിരെ കുത്തിവയ്പ് നടത്താനുള്ള സിസ്റ്റമാറ്റിക് വാക്സിനേഷൻ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

ക്ഷീരകർഷകർക്കുള്ള ക്ഷേമപദ്ധതികൾ

131 (133) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്ഷീരകർഷകർക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഇവർക്ക് സർക്കാർ പുതിയ എന്തെങ്കിലും ക്ഷേമപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) മിൽമയുടെ ആവിർഭാവത്തോടു കൂടി കേരളത്തിലെ ക്ഷീരോൽപാദകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാലിന് ഒരു സ്ഥിരമായ വിലയും വിപണിയും കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ മേഖലാ യൂണിയനുകളുടെ അംഗസംഘങ്ങളിലെ ഉല്പാദകർക്ക് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, കറവ മാടുകൾക്കുള്ള വൈദ്യസഹായം, കാലികളിൽ ഉണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly